**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **27-06-2024 - ൽ മറുപടിയ്ക്ക്**

**വൈഗ റിസോഴ്സ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച വൈഗ റിസോഴ്സ് സെന്റർ നിലവിൽ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൈഗ റിസോഴ്സ് സെന്റർ പ്രവർത്തിച്ചു വരുന്നു. ആത്മ ജില്ലാ ഓഫീസുകളുമായി ചേർന്നാണ് ഈ സെന്റർ പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ? | (ബി) | **വൈഗ റിസോഴ്സ് സെന്ററുകളുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>1.സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുകയും കൃഷിയിൽ മൂല്യവർദ്ധനയിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുകയും ചെയ്യുക<br><br>2. മൂല്യവർധിത ഉൽപ്പന്നങ്ങൾ ഒരു പൊതു പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുകയും അതുവഴി കൂടുതൽ നൂതനമായ ആശയങ്ങൾക്കുള്ള സാധ്യത സാധ്യമാക്കുകയും ചെയ്യുക.<br><br>3. മൂല്യ ശൃംഖല വികസനത്തിലെ ഏറ്റവും പുതിയ സാങ്കേതിക മുന്നേറ്റങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുക.<br><br>4. കാർഷിക മേഖലയിലെ മൂല്യവർദ്ധന നയങ്ങൾ, നിയന്ത്രണങ്ങൾ, വിലനിർണ്ണയം എന്നിവയെക്കുറിച്ച് സംരംഭകരെ അപ്ഡേറ്റ് ചെയ്യുക.<br><br>5.കയറ്റുമതി മേഖലയെ ഉത്തേജിപ്പിക്കുകയും വരുമാനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുകയും ചെയ്യുക<br><br>6. കാർഷിക മേഖലയുടെ വികസനത്തിലും പ്രോത്സാഹനത്തിലും ഏർപ്പെട്ടിരിക്കുന്ന സർക്കാർ, സ്വകാര്യ ഏജൻസികളിൽ നിന്നുള്ള പ്രധാന ഉദ്യോഗസ്ഥരുമായി സംവദിക്കാൻ കാർഷിക ഉൽപ്പന്ന കമ്പനി/ നിർമ്മാതാക്കൾക്ക് അവസരം സൃഷ്ടിക്കുക. |

7. പ്രധാന ദേശീയ, അന്തർദേശീയ റീട്ടെയിൽ/ വ്യാപാര ശൃംഖലകൾക്ക് ഏറ്റവും പുതിയ ഡിസൈനുകൾ തിരഞ്ഞെടുക്കാനും വരാനിരിക്കുന്ന സീസണുകൾക്കായി കളക്ഷൻ പ്ലാൻ ചെയ്യാനും അവസരം നൽകുക

8. കാർഷിക മൂല്യ ശൃംഖല വികസനത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ / ഗവേഷണം / സാങ്കേതിക അറിവ് പങ്കിടുന്നതിന് കാർഷിക ഉൽപ്പന്നങ്ങൾ, വ്യവസായ വിദഗ്ധർ, സാങ്കേതിക വിദഗ്ധർ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുക

9. ഏറ്റവും പുതിയ വ്യാപാര നിയന്ത്രണങ്ങൾ, സർക്കാർ മാനദണ്ഡങ്ങൾ, നയങ്ങൾ, വിലനിർണ്ണയം എന്നിവയെക്കുറിച്ച് സംരംഭകരെ അപ്ഡേറ്റ് ചെയ്യുക

10. കാർഷിക മേഖലയെ നിക്ഷേപ സൗഹൃദമാക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കുക.

**കേരളാഗ്രോ റിസോഴ്സ് സെന്ററുകളുടെ നിർദ്ദിഷ്ട പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.**

1. കാർഷിക സംരംഭകത്വ വികസനത്തിന് ജില്ലാതലത്തിൽ ഒരു സുഗമ കേന്ദ്രമായി പ്രവർത്തിക്കുക.

2.ഉചിതമായ സാങ്കേതികവിദ്യയും കൺസൾട്ടൻസി സേവനങ്ങളുമുള്ള സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗനിർദേശം നൽകുക.

3. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

4. സംരംഭകത്വ വികസനത്തിന് ഉടക്കമിടുന്ന വിവിധ എക്സിബിഷനുകൾ, സെമിനാറുകൾ, പരിശീലനങ്ങൾ, ബി2ബി മീറ്റുകൾ, ഡിപിആർ ക്ലിനിക്ക് ഉടങ്ങിയവ

ജില്ലാതലത്തിൽ നടത്തുക.

5. വ്യക്തികൾ, പ്രവാസി ഇന്ത്യക്കാർ, കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് അനുയോജ്യമായ ബിസിനസ് പ്ലാനുകളുടെ വികസനം സുഗമമാക്കുക.

6. ദ്വിതിയ കാർഷിക മേഖലയിലെ എല്ലാ തരത്തിലുമുള്ള പ്രശ്ന പരിഹാരങ്ങൾക്കുമുള്ള മൾട്ടി

| | | | |
|---|---|---|---|
| | | | ഡിസിപ്ലിനറി വിദഗ്ധ ടീമായും കാർഷിക മൂല്യവർദ്ധന, വരുമാനം ഉണ്ടാക്കൽ മേഖലകളിൽ വ്യത്യസ്ത സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഏകജാലക സംവിധാനമായും പ്രവർത്തിക്കുക. |

സെക്ഷൻ ഓഫീസർ